(ബി) എല്ലാ DYSP ഓഫീസിനോടും ചേർന്ന് വനിതകൾക്കായി വനിതാ എസ്. ഐ. യുടെ കീഴിൽ പ്രത്യേക കൗൺസിലിംഗ് സെന്റർ രൂപീകരിക്കുമോ ;

(സി) വനിതാ എസ്.ഐ. മാരുടെ നേരിട്ടുള്ള നിയമനത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; ഇതിൽ 50% തസ്തികകൾ പ്രമോഷൻ മുഖേന നികത്തുന്നതിന് നടപടിയെടുക്കുമോ ?

ഉത്തരം

(എ) സംസ്ഥാന പോലീസ് സേനയിലെ എല്ലാ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് പോലീസ് സ്റ്റേഷനുകൾ, ജില്ലാ വനിതാ സെല്ലുകൾ, ജില്ലകൾതോറും 4 പ്രധാന പോലീസ് സ്റ്റേഷനുകൾ എന്നിവ ഉൾപ്പെടെ 150 പോലീസ് സ്റ്റേഷനുകളിൽ 2010-11 വർഷത്തിൽ വനിതാ ഹെൽപ്പ് ഡസ്ക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി എടുത്തിട്ടുണ്ട്.

(ബി) 150 പോലീസ് സ്റ്റേഷനുകളിൽ വനിതാ ഹെൽപ്പ് ഡസ്ക്കുകൾ സ്ഥാപിക്കുന്നതിനോടൊപ്പം വിക്ടിം സപ്പോർട്ട് സെൽ തുടങ്ങുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കൗൺസിലിംഗ് സൗകര്യവും ഏർപ്പെടുത്തുന്നതാണ്.

(സി) 25-5-2009-ലെ ജി.ഒ.(പി) നമ്പർ 65/2009/ആഭ്യന്തരം എന്ന സർക്കാർ ഉത്തരവ് പ്രകാരം ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിൽ വനിതാ സബ് ഇൻസ്പെക്ടർമാരെക്കൂടി നേരിട്ട് നിയമിക്കുന്നതിനുള്ള ഉത്തരവായിട്ടുണ്ട്. 50% തസ്തികകൾ പ്രമോഷൻ മുഖേന നികത്തുന്നത് സംബന്ധിച്ച് ഇപ്പോൾ തീരുമാനിച്ചിട്ടില്ല.

മലപ്പുറം ജില്ലയിൽ നിന്നും റിപ്പോർട്ട് ചെയ്ത കേസ്സുകൾ

25 (4631) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം ജില്ലയിൽ നിന്നും സ്ത്രീകളെയും കുട്ടികളെയും കാണാതായ എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവയിൽ എത്ര പേരെകണ്ടെത്തി : വിശദാംശങ്ങൾ ഓരോ പോലീസ് സ്റ്റേഷൻ സഹിതം വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

നിരത്തിൽ സ്കൂൾ വിദ്യാർത്ഥികളുടെ തിരക്കുള്ള സമയത്ത് വാഹനങ്ങൾ നിയന്ത്രിക്കുന്നതിന് നടപടി

26 (4632) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സ്കൂൾ-കോളേജ് കുട്ടികൾ, നിരത്തുകളിൽ കൂടുതലായി എത്തുന്ന സമയങ്ങളിൽ, ഗതാഗത നിയന്ത്രണം കൂടുതൽ മെച്ചപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) മണ്ണ്, മണൽ, കല്ല്, ഇഷ്ടിക തുടങ്ങിയവ കയറ്റിപ്പോകുന്ന വാഹനങ്ങളുടെ, പ്രത്യേകിച്ച്, ടിപ്പർ ലോറികളുടെ വേഗത നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സ്കൂൾ കുട്ടികളുടെ ട്രാഫിക് സുരക്ഷ ഉറപ്പാക്കുന്നതിനായി എല്ലാ ജില്ലാ പോലീസ് സൂപ്രണ്ടുമാർക്കും/കമ്മീഷണർമാർക്കും താഴെ പറയുന്ന രീതിയിൽ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

1. സ്കൂളുകളുടെ മുൻപിൽ വേഗപരിധി ബോർഡുകൾ സ്ഥാപിക്കുക.
2. ഇടത് വശത്തുകൂടിയും അശ്രദ്ധമായും ഓവർടേക്ക് ചെയ്യുന്ന വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുക.
3. ഓട്ടോറിക്ഷയിലും കാറിലും അനുവദനീയമായതിലും കൂടുതൽ കുട്ടികൾ യാത്ര ചെയ്യുന്നത് അനുവദിക്കാതിരിക്കുക.
4. സീബ്രാ ക്രോസ്സിംഗിൽ കുട്ടികൾക്ക് റോഡ് മുറിച്ച് കടക്കാനുള്ള സൗകര്യം ചെയ്തു കൊടുക്കുക.
5. കഴിയുന്നതും ബസ്ബേകളിൽ ബസ് നിർത്തുക.

(ബി) ടിപ്പർ ലോറി മൂഖേന ഉണ്ടാകുന്ന അപകട നിയന്ത്രണത്തിനായി താഴെ പറയുന്ന രീതിയിൽ നിർദ്ദേശം എല്ലാ ജില്ലാ പോലീസ് സൂപ്രണ്ടുമാർക്കും/കമ്മീഷണർമാർക്കും നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly